THURSDAY 26/09/2024 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/09/2024

1. സംസ്ഥാന കൃഷി വകുപ്പും കൃഷി വിജ്ഞാൻ കേന്ദ്രയുമായി സഹകരിച്ച് ജില്ലയിലെ 20 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫ. കെ. വി. തോമസ് വിദ്യാധനം ട്രസ്റ്റ് ആഭിമുഖ്യത്തിൽ നടത്തുന്ന ' വിദ്യാലയങ്ങളിൽ ഫലവൃക്ഷത്തോട്ടം' എന്ന പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 30 ന് രാവിലെ 11 മണിയ്ക്ക് കൊച്ചി തേവര സേക്രട്ട് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ കൃഷി മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. പേര, ചെറുനാരകം, ആര്യവേപ്പ്, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷത്തൈകളും അവക്ക് നൽകേണ്ട വളങ്ങളും ട്രീ ഗാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും.

2. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കായുള്ള സീസണൽ സർവ്വീസ് ക്യാമ്പ് സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിൻറെ ഭാഗമായി ആദ്യ ക്യാമ്പിന്റെ ഉദ്ഘാടനം 28.09.2024 ശനിയാഴ്ച രാവിലെ 9.30 ന് ചേർത്തല ടൗൺ എൻ. എസ്. എസ്. കരയോഗ ആഡിറ്റോറിയും (ചേർത്തല ബോയ്സ് ഹൈസ്കൂളിന് എതിർവശം) വെച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നതാണ്.

3. എറണാകുളം ജില്ലയിലെ ഒക്കൽ വെറ്ററിനറി ഡിസ്പെൻസറിയുടെ പുതിയ കെട്ടിടം ഇന്ന് (സെപ്റ്റംബർ 26ന്) മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നാടിന് സമർപ്പിക്കും. ക്ഷീരകർഷകരുടെ ക്ഷേമത്തിനായി മൃഗസംരക്ഷണ വകുപ്പ് 47 ലക്ഷം രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമിച്ചത്.

4. കൃഷി വകുപ്പ് RKVY മില്ലെറ്റ് കഫേ മില്ലെറ്റ് ഉൽപ്പന്നങ്ങളുടെ റെസിപ്പി (recipe) യുമായി ബന്ധപ്പെട്ട് IIMR ഹൈദരാബാദിലെ Nutri Hub ൽ വച്ച് നടത്താൻ ഉദ്ദേശിക്കുന്ന ഒരാഴ്ചത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള 30 വയസ്സിൽ താഴെ

പ്രായമുള്ളതും ഹോട്ടൽ മാനേജ്മെൻ്റിൽ ബിരുദമുള്ളതുമായ യുവതീ യുവാക്കളിൽ നിന്നും ഒക്ടോബര് 5 നകം അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് directorofmarketingagri@gmail.com എന്ന ഇ മെയിൽ ഐഡിയിൽ ബന്ധപ്പെടുക.

5. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ നടത്തുന്നവരുടെ സംഗമവും ഏകദിന ശില്പശാലയും ഒക്ടോബർ നാലാം തീയതി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്കു 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. കോഫി ബോർഡിൽ നിന്നും കർഷകർക്കായി പുതിയ സബ്സിഡി പദ്ധതികൾ സംയോജിത കാപ്പി വികസന പദ്ധതിയുടെ ഭാഗമായി കാപ്പിത്തോട്ടങ്ങളുടെ സമഗ്ര ഉന്നമനത്തിനായി കോഫി ബോർഡ് വിവിധ പദ്ധതികൾക്കായി സബ്സിഡി നൽകുന്നു. കിണർ/കുളം നിർമ്മാണം, ജലസേചന സാമഗ്രികൾ (സ്പ്രിക്ളർ/ഡ്രിപ്പ്) വാങ്ങുന്നതിന് പുനർകൃഷി (Replantation) കാപ്പി ഗോഡൗൺ നിർമ്മാണം, കാപ്പിക്കളം നിർമ്മാണം യന്ത്രവത്കൃത ഡ്രയറുകൾ സ്ഥാപിക്കൽ. പൾപ്പിംഗ് യൂണിറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കായാണ് ധനസഹായം അനുവദിക്കുന്നത്. കാപ്പി തോട്ടങ്ങളുടെ യന്ത്രവൽക്കരണത്തിനും ഇക്കോപൾപ്പർ സ്ഥാപിക്കുന്നതിനും കാപ്പികർഷകർക്ക് എക്കോസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ധനസഹായ പദ്ധതിയും നിലവിൽ വന്നിട്ടുണ്ട്. വ്യക്തികൾക്ക് പുറമേ ചുരുങ്ങിയത് 100 കാപ്പി കർഷകരെങ്കിലും അംഗങ്ങളായുള്ള FPO (ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) കൾക്കും ധന സഹായം ലഭിക്കുന്നതാണ്. കമ്പനി നിയമപ്രകാരമോ സഹകരണ നിയമപ്രകാരമോ രജിസ്റ്റർ ചെയ്ത കുറഞ്ഞത് രണ്ടു വർഷമെങ്കിലും പ്രവർത്തനത്തിലുള്ള FPOകൾക്കു മാത്രമേ അപേക്ഷിക്കാൻ സാധിക്കൂ.

ധനസഹായത്തിന് അപേക്ഷിക്കുന്നവർ പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് കോഫി ബോർഡിൻറെ ലൈസൺ ഓഫീസുകളിൽ നിന്നും മുൻകൂർ അനുമതി വാങ്ങണം. അപേക്ഷ നൽകാൻ ആഗ്രഹിക്കുന്നവർ 30-09-2024-നകം അപേക്ഷകൾ ഇടുക്കി വാഴവര യിലെ കോഫീ ബോർഡ് ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത കോഫീ ബോർഡ് ഓഫീസുമായി ബന്ധപ്പെടണമെന്ന് കോഫി ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. വാഴവര -9495561600, 9446155222, 9656914662, വണ്ടിപ്പെരിയാർ - 9746087850 അടിമാലി - 8277066286.

### പരിശീലന പരിപാടി

7. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ മാസം 03, 04 തീയതികളിൽ ''ശുദ്ധമായ പാലുല്പാദനം ' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 1-ാം തീയതി 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471- 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ , തിരുവനന്തപുരം - 695004. ഇ മെയിൽ ഐഡി

principaldtctvm@gmail.com ലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'സുരക്ഷിതമായ പാലുൽപ്പാദനം'' എന്ന വിഷയത്തെ ആസ്പദമാക്കി 27, 28 തീയതികളിലെ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. സംസ്കരിച്ച റബ്ബർതടിയിൽ നിന്നുള്ള ഉത്പന്നങ്ങൾ, അവയുടെ വിപണനം എന്നിവ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 സെപ്റ്റംബർ 27 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്, റബ്ബർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ട്രെയിനിങ് മറുപടി പറയും. നിത്യജീവിതത്തിൽ ഉപയോഗിക്കാവുന്നതും ഈടുറ്റതും ഭംഗിയുള്ളതുമായ ഫർണിച്ചർ സംസ്കരിച്ച റബ്ബർതടികൊണ്ട് നിർമിക്കാം. കോൾസെന്റർ നമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം